## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 26 25.04.2017- ൽ മറുപടിയ്ക്ക്

## എന്റെ കൂട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.മുരളി പെരുനെല്ലി. | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അഗതികൾക്കായി 'എന്റെ കൂട്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | 'എന്റെ കൂട്'പദ്ധതി പൈലറ്റടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്, |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'എന്റെ കൂട്'. നിരാലംബരായി തെരുവിൽ ഒറ്റപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലത്ത് ഒരു ദിവസം സുരക്ഷിതമായി താമസിക്കുവാൻ ഒരിടം എന്ന ആശയത്തിലൂന്നിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സാമൂഹ്യ വിരുദ്ധരിൽ നിന്നുള്ള പീഢനങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുക, പുനരധിവാസം സാധ്യമാവുകയാണെങ്കിൽ ഇവരെ പുനരധിവസിപ്പിക്കുക, കുടുംബ പ്രശ്നങ്ങൾ മൂലമാണ് |

| | | | |
|---|---|---|---|
| | | | തെരുവിലെത്തപ്പെടുന്നതെങ്കിൽ തിരികെ കുടുംബത്തിലെത്തിക്കുക തുടങ്ങി സാമൂഹ്യ സുരക്ഷിതത്വം സ്ത്രീകൾക്ക് ഉറപ്പാക്കുകയെന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിലെ അഭയകേന്ദ്രങ്ങളിൽ അഗതികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ? | (സി) | തദ്ദേശീയരും, അന്യസംസ്ഥാനക്കാരും, നിർദ്ധനരും ആയ സ്ത്രീകളും അവരോടൊപ്പമുള്ള പെൺകുട്ടികളും 12 വയസ്സിനു താഴെയുള്ള ആൺകുട്ടികളുമാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. കൂടാതെ രാത്രി കാലങ്ങളിൽ വാഹനം ലഭിക്കാതെയും പെട്ടെന്നുണ്ടാകുന്ന ഹർത്താൽ, പണിമുടക്ക് എന്നിവ കാരണം നഗരങ്ങളിൽ ഒറ്റപ്പെടുന്ന സ്ത്രീകളും കുട്ടികളും ഇതിൽ ഉൾപ്പെടും. ഈ കേന്ദ്രത്തിൽ ഇവരെ ചേർക്കുന്നതിനോ വിടുതൽ ചെയ്യുന്നതിനോ ഏതെങ്കിലും തലത്തിലുള്ള നടപടി ക്രമങ്ങൾ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഇവിടെ എത്തിച്ചേരുന്ന അഗതികളുടെ ഒരു ഡേറ്റാ ബാങ്ക് രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ നിലവിലുള്ള 'എന്റെ കൂട്' പദ്ധതിയിൽ പ്രവേശനം നൽകുന്നവരുടെ പരമാവധി എണ്ണം 50 ആയി നിജപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**